# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2082** | **01/02/2018-ൽ മറുപടിക്ക്**

## 'ആരോഗ്യജാഗ്രത - 2018' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ**<br>**,, എം. സ്വരാജ്**<br>**,, സി.കൃഷ്ണൻ**<br>**,, കെ. ബാബു** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്ത് 'ആരോഗ്യജാഗ്രത - 2018' പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; | എ) | ഉണ്ട്. |
| ബി) | വിവിധ പകർച്ചവ്യാധികൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ, പരിശീലന, ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | ബി) | പ്രതിരോധ പ്രവർത്തനങ്ങൾ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജലവിഭവ വകുപ്പ്, ഇതര ഏജൻസികൾ മുഖേന ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുവാനായി നിർദ്ദേശിച്ചിട്ടുണ്ട്. ശുചിത്വമിഷൻ, ഹരിതകേരള മിഷൻ എന്നിവയുമായി സഹകരിച്ച് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ വാർഡ് തലത്തിൽ നടപ്പിലാക്കുവാനും ഉദ്ദേശിച്ചിട്ടുണ്ട്. വാർഡ് തല ശുചിത്വപോഷണ സമിതിയുടെ നേതൃത്വത്തിൽ ആരോഗ്യസേന, ഹരിതകർമ്മസേന, കുടുംബശ്രീ പ്രവർത്തകർ, ആശ, ആരോഗ്യപ്രവർത്തകർ എന്നിവർ സംയുക്തമായി വാർഡ് തല പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ പൊതുജനപങ്കാളിത്തത്തോടെ സമയബന്ധിതമായി നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ പ്രവർത്തനങ്ങൾ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ മെഡിക്കൽ ആഫീസർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി, ആരോഗ്യവിഭാഗം സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരടങ്ങുന്ന സമിതി മാസത്തിലൊരിക്കൽ അവലോകനം ചെയ്യുവാനും തുടർനടപടി സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ഇതര വകുപ്പുകളുമായി സംയോജിച്ച് നടത്തുന്നതാണ്. |

→

| | | | |
|---|---|---|---|
| സി) | ശുചീകരണവും കൊതുക് നിയന്ത്രണ പ്രവർത്തനങ്ങളും മഴക്കാലത്തിന് വളരെ മുമ്പ് ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | സി) | കൊതുകുജന്യരോഗങ്ങൾ ഉൾപ്പെടെയുള്ള ചില പകർച്ചവ്യാധികൾ ഏറെക്കുറെ എല്ലാ മാസങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെടുന്നതു-കൊണ്ട് വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളാണ് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഈ പ്രവർത്തനങ്ങൾക്ക് ജനുവരി 1 മുതൽ തുടക്കം കുറിച്ചിട്ടുള്ളതാണ്. എല്ലാ ജില്ലയിലും പ്രവർത്തന കലണ്ടർ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| ഡി) | ഏതെല്ലാം വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സഹകരണ-ത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്ത-മാക്കാമോ? | ഡി) | ആരോഗ്യവകുപ്പിനൊപ്പം തദ്ദേശസ്വയംഭരണ വകുപ്പ്, ജലവിഭവം, സാമൂഹ്യനീതി, തൊഴിൽ, വിദ്യാഭ്യാസം, കൃഷി, മൃഗസംരക്ഷണം, ഭക്ഷ്യസുരക്ഷാ കമ്മീഷൻ, ശുചിത്വമിഷൻ, ഹരിതകേരളമിഷൻ, കുടുംബശ്രീ മിഷൻ, പൊതുമരാമത്ത്, റവന്യൂ ഫിഷറീസ്, ആഭ്യന്തരം, പട്ടികവർഗ്ഗ വികസനം, ഐ&പി.ആർ.ഡി, കേരള വാട്ടർ അതോറിറ്റി, മെഡിക്കൽ കോളേജുകൾ, ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ, റെസിഡൻസ് അസോസിയേഷൻ, അങ്കണവാടികൾ, സന്നദ്ധ സംഘടനകൾ, മെഡിക്കൽ അസോസിയേഷനുകൾ, പൊതുജനങ്ങൾ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**